GOVERNMENT OF WESTERN AUSTRALIA

Malayalam | മലയാളം

**Roll up for WA**

COVID-19 Vaccination




# വാക്സിനുകളെ കുറിച്ചുള്ള വസ്തുതകൾ കണ്ടെത്തുക

**പുതിയ കാര്യങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. കോവിഡ്–19 വാക്സിനുകളിൽ എന്താണ് സത്യമെന്നും അല്ലെന്നും കണ്ടെത്തുക. ഒരുമിച്ച്, നമ്മൾ വാക്സിൻ ആത്മവിശ്വാസം വളർത്തിയെടുക്കേണ്ടതുണ്ട്, കാരണം പ്രതിരോധ കുത്തിവയ്പ് എടുത്ത ഓരോ വ്യക്തിയും പകർച്ചവ്യാധിയെ മറികടക്കാൻ നമ്മളെ സഹായിക്കുന്നു**

## സത്യം



### പ്രതിരോധ കുത്തിവയ്പ്പുകൾ സുരക്ഷിതമാണ്

ലോകമെമ്പാടുമുള്ള നിരവധി ആളുകൾ ഒരുമിച്ച് കോവിഡ്-19 വാക്സിനുകൾ സൃഷ്ടിച്ചു, പണവും ശാസ്ത്രജ്ഞരേയും പങ്കുവെച്ച് വെറും മാസങ്ങൾക്കുള്ളിൽ, ഒരു നടപടിയും നഷ്ടപ്പെടാതെ. പരീക്ഷിച്ചതിനുശേഷം സുരക്ഷിതവും ഫലപ്രദവുമാണെന്ന് കണ്ടെത്തിയതിനുശേഷം മാത്രമേ ഓസ്ട്രേലിയയിൽ വാക്സിനുകൾ അനുവദിക്കൂ. എല്ലാ വാക്സിനുകളേയും ഗുണനിലവാര പരിശോധന ചെയ്യുന്നതും സുരക്ഷയ്ക്കായി നിരീക്ഷിക്കുന്നതും തുടരുന്നു.



### കോവിഡ്-19 വാക്സിനുകളിൽ ലൈവ് വൈറസ് അടങ്ങിയിട്ടില്ല, അതുകൊണ്ട് വാക്സിനുകളിൽ നിന്ന് നിങ്ങൾക്ക് കോവിഡ്–19 ബാധ ഉണ്ടാകില്ല.

വാക്സിനുകൾ യഥാർത്ഥ വൈറസായി നടിക്കുകയും നിങ്ങളുടെ ശരീരത്തെ എങ്ങനെ പ്രതിരോധിക്കാമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ഇത് ശരിക്കും അസുഖം പിടിപെടുന്നതും ആശുപത്രിയിൽ പോകുന്നതും അല്ലെങ്കിൽ മരിക്കുന്നതും തടയാൻ സഹായിക്കും.



### വാക്സിൻ സൂചിയിലൂടെ മൈക്രോചിപ്പ് യോജിക്കില്ല

സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഒരു വ്യാജ വീഡിയോ അടിസ്ഥാനമാക്കിയുള്ളതാണ് ഈ മിത്ത്(കെട്ടുകഥ).

## മിത്ത്(കെട്ടുകഥ)

- ✗ കോവിഡ്–19 വാക്സിനുകൾ വളരെ വേഗത്തിൽ അംഗീകരിക്കപ്പെട്ടതിനാൽ അത് സുരക്ഷിതമല്ലായിരിക്കാം.
- ✗ കോവിഡ്–19 വാക്സിനുകൾ നിങ്ങൾക്ക് കോവിഡ്–19 നൽകും.
- ✗ കോവിഡ്–19 വാക്സിനുകളിൽ ഒരു മൈക്രോചിപ്പ് അടങ്ങിയിരിക്കുന്നു.

# വാക്സിനുകളെ കുറിച്ചുള്ള വസ്തുതകൾ കണ്ടെത്തുക

## സത്യം

### WA-യിലെ ഓരോ വ്യക്തിക്കും വാക്സിനുകൾ സൗജന്യമാണ്

ഇതിൽ താൽക്കാലിക താമസക്കാരും അഭയാർത്ഥികളും കുടിയേറ്റക്കാരും സാധുവായ വിസയില്ലാത്ത ആളുകൾ ഉൾപ്പെടുന്നു.

### വാക്സിനുകളിൽ അടങ്ങിയിരിക്കുന്ന എല്ലാ ഘടകങ്ങളും നമുക്കറിയാം

വാക്സിനുകളിൽ കൂടുതലും വെള്ളം, ഉപ്പ്, പഞ്ചസാര, കൊഴുപ്പ് എന്നിവയാണ്. വാക്സിനുകളിൽ ഗ്രാഫീൻ ഓക്സൈഡ്, ഗ്ലൂറ്റൻ, മുട്ട, ഗോതമ്പ്, തേനീച്ച വിഷം, ലാറ്റക്സ് അല്ലെങ്കിൽ മൃഗ ഉൽപ്പന്നങ്ങൾ ഇല്ല. ഓസ്‌ട്രേലിയൻ ഫത്വ കൗൺസിൽ വാക്സിനുകൾ ഹലാൽ ആയി അംഗീകരിച്ചു.

### നിങ്ങൾക്ക് മെഡികെയർ ഇല്ലെങ്കിലും നിങ്ങൾക്ക് ഒരു കോവിഡ് -19 വാക്സിൻ എടുക്കാം

നിങ്ങളുടെ അപ്പോയിന്റ്മെന്റിൽ നിങ്ങളുടെ ഐഡന്റിറ്റി തെളിയിക്കേണ്ടതുണ്ട്, അതിനാൽ ഡ്രൈവിംഗ് ലൈസൻസ്, കത്ത് അല്ലെങ്കിൽ ബിൽ പോലുള്ള നിങ്ങളുടെ പേരുള്ള ഒരു ഡോക്യുമെന്റ് കൊണ്ടുവരിക.

### ഒരു കോവിഡ്-19 വാക്സിൻ സ്വീകരിക്കുന്നത് നിങ്ങളെ കാന്തികമാക്കുന്നില്ല-നിങ്ങളുടെ ശരീരത്തിൽ എവിടെയും

കോവിഡ്-19 വാക്സിനുകളിൽ ഇത് ചെയ്യാൻ കഴിയുന്ന കാന്തിക ഘടകങ്ങൾ അടങ്ങിയിട്ടില്ല. ഒരു കാന്തം ആകർഷിക്കാൻ നിങ്ങൾക്ക് ധാരാളം ലോഹം ആവശ്യമാണ്. ഉദാഹരണത്തിന്, ആളുകൾ പലപ്പോഴും അയൺ അടങ്ങിയിട്ടുള്ള മൾട്ടി വിറ്റാമിനുകൾ എടുക്കുന്നു. ഇത് അവരെ കാന്തികമാക്കുന്നില്ല, കാരണം അവ നിങ്ങളുടെ ശരീരത്തിൽ ഡൈല്യൂട്ട് ആകുകയും വ്യാപിക്കുകയും ചെയ്യുന്നു.

### കോവിഡ് -19 പ്രതിരോധ കുത്തിവയ്പ്പുകൾ ഗർഭധാരണത്തെ(ഫെർട്ടിലിറ്റി) ബാധിക്കില്ല

ഇപ്പോൾ അല്ലെങ്കിൽ ഭാവിയിൽ ഒരു കുഞ്ഞ് ജനിക്കാനുള്ള നിങ്ങളുടെ കഴിവിനെ പ്രതിരോധ കുത്തിവയ്പ്പുകൾ ബാധിക്കില്ല. തങ്ങളെയും കുഞ്ഞിനെയും സംരക്ഷിക്കാൻ ഗർഭിണികളായ സ്ത്രീകൾക്ക് കോവിഡ് -19 വാക്സിൻ നൽകണമെന്നും ശക്തമായി ശുപാർശ ചെയ്യുന്നു.

## മിത്ത്(കെട്ടുകഥ)

- ✗ ഒരു കോവിഡ്-19 വാക്സിൻ എടുക്കാൻ പണം ചിലവാകും.
- ✗ ഈ വാക്സിനുകളിൽ എന്താണുള്ളതെന്ന് ഞങ്ങൾക്ക് അറിയില്ല.
- ✗ ഒരു കോവിഡ്-19 വാക്സിൻ ലഭിക്കാൻ നിങ്ങൾക്ക് സാധുവായ ഒരു മെഡികെയർ കാർഡ് ഉണ്ടായിരിക്കണം.
- ✗ കോവിഡ്-19 വാക്സിനുകൾക്ക് നിങ്ങളുടെ കൈയിൽ ഒരു കാന്തം പറ്റിപ്പിടിക്കാൻ കഴിയും.
- ✗ കോവിഡ്-19 വാക്സിനുകൾ ഗർഭധാരണത്തെ ബാധിക്കുന്നു.

നിങ്ങളുടെ കോവിഡ് -19 വാക്സിനേഷൻ രജിസ്റ്റർ ചെയ്ത് ബുക്ക് ചെയ്യുക

rollupforwa.com.au

13COVID
(13 26843)

വ്യാഖ്യാതാവിനായി * അമർത്തുക